"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്കായിരുന്ന മരണപ്പെട്ട ദിനേശ് ലാലിനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ചും, സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.748/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,29/03/2019**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 12.07.2013-ലെ ഇ10(എസ്.സി.08/2013/എംപിഎം)3568/2013 നമ്പർ കത്ത്

2 സ.ഉ.(സാധാ) നം.29/2015/തസ്വഭവ തീയതി 06.01.2015

3 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 13.05.2015-ലെ സി3(വിസി18/2015/എംപിഎം)8387/2015 നമ്പർ കത്ത്

4 സ.ഉ.(സാധാ) നം.338/17/തസ്വഭവ തീയതി 06.02.2017

5 സർക്കാരിന്റെ 11.10.2017-ലെ 62447/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം

6 പഞ്ചായത്ത് ഡയറക്ടറുടെ 29.11.2017-ലെ ഡി4-43513/13 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ I A Y പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലും ഭവന നിർമ്മാണ ആനുകൂല്യം നൽകിയതിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണങ്ങളിന്മേൽ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർ ശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ വിശദാന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ I A Y ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വീഴ്ചകൾക്കുത്തരവാദിയായ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് ശ്രീ. ദിനേഷ് ലാലിനെ അന്വേഷണത്തിനും, അച്ചടക്ക നടപടിയ്ക്കും വിധേയമായി പരാമർശം (2) പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി.

കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ I A Y ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരേ ഗുണഭോക്താവിന് രണ്ട് തവണ ഭവന നിർമ്മാണാനുകൂല്യം നൽകി, അനർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സഹായം നൽകി, ഗ്രാമസഭ അംഗീകരിച്ചതും, ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശയില്ലാതെ ഗുണഭോക്താക്കൾക്ക് സഹായം നൽകി, വ്യാജരേഖയുണ്ടാക്കി ഗ്രാമപഞ്ചായത്തിന്റെയും പഞ്ചായത്ത് സെക്രട്ടറിയുടെയും ഔദ്യോഗിക മുദ്ര ദുരുപയോഗം ചെയ്തു, ഭരണസമിതി ശുപാർശ ചെയ്യാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി, തുടങ്ങിയ നിരവധി ഗുരുതരമായ ക്രമക്കേടുകൾ വഴി സർക്കാരിന് ഒരു കോടിയിൽപ്പരം രൂപയുടെ നഷ്ടം വരുത്തിയതായും പ്രസ്തുത വിഷയം വിശദമായ വിജിലൻസ് അന്വേഷണത്തിന്

വിധേയമാക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് വിജിലൻസ് വകുപ്പ് പ്രസ്തുത വിഷയം അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ IAY ഭവന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ ക്കുത്തരവാദികളായ 7 പേർ ക്കെതിരെ 04.03.2015 തീയതിയിൽ വിസി 18/15/എംപിഎം നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുവെന്നും അന്വേഷണത്തിൽ കുറ്റാരോപിതർ I A Y പദ്ധതി നിർവ്വഹണത്തിലും മറ്റും കൃത്രിമം നടത്തി സർക്കാരിന് നഷ്ടം വരുത്തിയെന്നത് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതായും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ I A Y ഭവന പദ്ധതി ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിസി 18/15/എംപിഎം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്നാൽ ശ്രീ. ദിനേഷ് ലാലിനെ പ്രതി ചേർത്തിട്ടില്ല എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുടർന്ന് VC 18/15/MPM നമ്പർ കേസിൽ ശ്രീ. ദിനേഷ് ലാലിനെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ. ദിനേഷ് ലാലിനെ പരാമർശം (4) ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീ. ദിനേശ് ലാലിന് പരാമർശം (5) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തു. എന്നാൽ ശ്രീ. ദിനേശ് ലാൽ 10.05.2016-ൽ മരണപ്പെട്ട സാഹചര്യത്തിൽ കുറ്റപത്രം ടിയാന് നൽകുവാൻ കഴിഞ്ഞില്ലെന്നും ദിനേശ് ലാലിനെതിരായ നടപടി അവസാനിപ്പിക്കണമെന്നും ടിയാന്റെ സസ്പെൻഷൻ നടപടികൾ വിട്ടുതൽ ചെയ്തു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10.05.2016-ൽ മരണമടഞ്ഞ ശ്രീ. ദിനേഷ് ലാലിനെ സർവ്വീസിൽ തിരിച്ചെടുത്തുകൊണ്ട് ഉത്തരവായത് 06.02.2017-ലെ ഉത്തരവ് പ്രകാരം ആയതിനാൽ സസ്പെൻഷനിലിരിക്കെ തന്നെ ടിയാൻ മരണമടഞ്ഞതായി കണക്കാക്കാവുന്നതാണ്. കെ.എസ്.ആർ. ഭാഗം 1 ചട്ടം 5 6 ബി (2) പ്രകാരം സസ്പെൻഷനിലുള്ള ഒരു ഉദ്യോഗസ്ഥൻ അയാൾക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികളോ, കോടതി നടപടികളോ പൂർത്തിയാകുന്നതിനു മുമ്പ് മരിക്കുമ്പോൾ, സസ്പെൻഷൻ തീയതിക്കും മരണം സംഭവിച്ച തീയതിക്കും ഇടയിലുള്ള കാലയളവ് എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി കണക്കാക്കേണ്ടതും, അയാളെ സസ്പെൻഡ് ചെയ്തില്ലായിരുന്നെങ്കിൽ അയാൾക്കുണ്ടാകുമായിരുന്ന ആ കാലയളവിലുള്ള ശമ്പളവും ബത്തകളും നേരത്തേ നൽകിയിട്ടുള്ള ഉപജീവനബത്ത തട്ടിക്കിഴിച്ചുള്ള തുക അയാളുടെ കുടുംബത്തിന് നൽകേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ആയിരുന്ന ശ്രീ. ദിനേശ് ലാലിനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ചും ശ്രീ. ദിനേശ് ലാലിന്റെ 06.01.2015 മുതൽ മരണമടഞ്ഞ 10.05.2016 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയ ഉപജീവനബത്ത കഴിച്ചുള്ള മുഴുവൻ ശമ്പളവും അലവൻസും സഹിതം എല്ലാ കാര്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന മരണപ്പെട്ട ദിനേശ് ലാലിന്റെ അനന്തരാവകാശികൾക്ക്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (യു.ഒ. റിമാർക്സ് നം.73/ബി2/2018/ഉഭപവ. തീയതി 27.04.2018 പ്രകാരം)
8. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡെവ.1/247/2018/ധന. തീയതി 27.09.2018 പ്രകാരം)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/150/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ